# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.112 12.06.2014 -ലെ മറുപടിക്ക്.**

## ഹയർ സെക്കന്ററി പാഠ്യപദ്ധതി പരിഷ്ക്കരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. തിലോത്തമൻ<br>,, ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി ഇ. എസ്. ബിജിമോൾ | | ശ്രീ. പി. കെ. അബ്ദുറബ്ബ്<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | ഹയർ സെക്കന്ററി പാഠ്യപദ്ധതി പരിഷ്ക്കരണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) 'കേരള കരിക്കുലം വിഷൻ 2013' പ്രകാരമുള്ള സമഗ്ര പാഠ്യപദ്ധതി പരിഷ്ക്കരണത്തിന്റെ ഭാഗമായി ഹയർ സെക്കന്ററി മേഖലയിലും പാഠ്യപദ്ധതി പരിഷ്ക്കരണം നടപ്പിലാക്കുന്നുണ്ട് . ഇതനുസരിച്ച് 2014-15 ൽ 11-ാം ക്ലാസിലെയും 2015-16 ൽ 12-ാം ക്ലാസിലെയും പാഠപുസ്തകങ്ങൾ പരിഷ്ക്കരിക്കുന്നു. |
| (ബി) | 2014-15 അദ്ധ്യയന വർഷത്തിൽ പ്ലസ് വൺ പാഠപുസ്തകമാറ്റം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) ഉണ്ട്. 2014 ജൂൺ മുതൽ 11-ാം ക്ലാസിൽ പരിഷ്ക്കരിച്ച പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും നടപ്പിലാക്കുന്നു. 11-ാം ക്ലാസിൽ എസ്.സി.ഇ.ആർ.ടി വികസിപ്പിച്ചെടുത്ത 39 ടൈറ്റിലുകളും എൻ.സി.ഇ.ആർ.ടി-യുടെ 20 ടൈറ്റിലുകളുമാണ് തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | പുസ്തകമാറ്റം നടപ്പിലാക്കുന്നുണ്ടെങ്കിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) പാഠപുസ്തകമാറ്റം നടപ്പിലാക്കുന്നതിനാൽ മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. പരിശീലനത്തിന് വേണ്ടിയുള്ള മോഡ്യൂൾ നിർമ്മാണം ശില്പശാല ജൂൺ 24 മുതൽ ആരംഭിക്കും. തുടർന്ന് ജില്ലാതലത്തിൽ ആവശ്യമായ റിസോഴ്സ് അധ്യാപകർക്ക് |

ഓറിയന്റേഷനും

എസ്.സി.ഇ.ആർ.ടി നൽകും. തുടർന്ന്

ഹയർ സെക്കന്ററി വിദ്യാഭ്യാസ

ഡയറക്ടറേറ്റ് നൽകുന്ന അധ്യാപക

പരിശീലനത്തിന് ഈ റിസോഴ്സ് അധ്യാപകരാണ്

ക്ലാസ്സെടുക്കുന്നത്.ഹയർ സെക്കന്ററി

വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും

അദ്ധ്യാപകർക്കായി 5 ദിവസത്തെ

സമഗ്ര പരിശീലന പരിപാടി ജൂലൈ 9

മുതൽ ജൂലൈ 25 വരെ നൽകുന്നതിനുള്ള

നടപടിയും സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ എല്ലാ ഹയർ സെക്കന്ററി അധ്യാപകർക്കും പരിഷ്ക്കരിച്ച

പാഠ്യപദ്ധതി, മൂല്യനിർണ്ണയം എന്നിവ ഉൾപ്പെടുത്തി വിഷയബന്ധിതമായ

പരിശീലനമാണ് നൽകുന്നത്.

Udayakumar

സെക്ഷൻ ആഫീസർ